# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No. 143/PR/PIC/PHQ/18 Date : 06.06.2018

---

**കർണ്ണാടക, ത്രിപുര ഇലക്ഷൻ : കേരള പോലീസിന് പ്രശംസ**

കർണ്ണാടക, ത്രിപുര സംസ്ഥാനങ്ങളിൽ ഈയിടെ നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് ഡ്യൂട്ടി നിർവ്വഹിച്ച കേരള പോലീസിന് പ്രശംസ. ഈ രണ്ടു സംസ്ഥാനങ്ങളിലേയും തെരഞ്ഞെടുപ്പുകൾ വളരെ സമാധാനപരമായും സ്വതന്ത്രമായും നടത്തുന്നതിന് കേരള പോലീസിന്റെ പ്രവർത്തനം പ്രശംസനീയമായിരുന്നുവെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റയ്ക്ക് അയച്ച കത്തിൽ കർണ്ണാടക ചീഫ്സെക്രട്ടറി കെ.രത്നപ്രഭയും, ത്രിപുര ഡി.ജി.പി. എ.കെ ശുക്ലയും അറിയിച്ചു. അങ്ങേയറ്റം ആത്മാർത്ഥതയോടെയുള്ള പ്രവർത്തനങ്ങളായിരുന്നു കേരള പോലീസ് ഉദ്യോഗസ്ഥരുടേതെന്ന് ത്രിപുര ഡി.ജി.പിയും, തെരഞ്ഞെടുപ്പ് പ്രക്രിയ നീതിപൂർവ്വകമായും, സുതാര്യമായും, സമാധാനപരമായും പൂർത്തിയാക്കുന്നതിന് കേരളപോലീസ് ഉദ്യോഗസ്ഥർ അങ്ങേയറ്റം ശുഷ്കാന്തിയോടെ പ്രവർത്തിച്ചുവെന്ന് കർണ്ണാടക ചീഫ് സെക്രട്ടറിയും വ്യക്തമാക്കി. ക്രമസമാധാനനില കൈകാര്യം ചെയ്യുന്നതിനും പോളിങ് ബൂത്തുകൾക്ക് സംരക്ഷണം നൽകുന്നതിനും കേരള പോലീസ് മികച്ച സേവനമാണ് കാഴ്ചവച്ചതെന്നും കത്തിൽ പരാമർശിക്കുന്നു.

ഈ രണ്ട് സംസ്ഥാനങ്ങളിലേയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷാ ഡ്യൂട്ടിയിൽ പങ്കെടുത്ത എല്ലാ പോലീസ് ഉദ്യോഗസ്ഥരെയും സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ അഭിനന്ദിച്ചു.

************